**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**ബുള്ളറ്റിൻ - ഭാഗം -II**

**2018 നവംബർ 12**

**നമ്പർ:542**

**<u>അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം</u>**

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2018 നവംബർ 30, 2018 ഡിസംബർ 7 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ, 1993 മേയ് 10-ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ആദ്യ വെള്ളിയാഴ്ച അനൗദ്യോഗിക ബില്ലുകളും തുടർന്നുള്ള ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ യഥാക്രമം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും ചർച്ചയ്ക്ക് വരുന്നതാണ്. അതിൻപ്രകാരം 2018 നവംബർ 30 ന് അനൗദ്യോഗിക ബില്ലുകൾ സഭയിൽ ചർച്ച ചെയ്യുന്നതാണ്. അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പേരു ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാനതീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെകൊടുത്തിരിക്കുന്നു.

| അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്നതീയതി |
|---|---|---|
| 2018 നവംബർ 30, വെള്ളി | 2018 നവംബർ 14, ബുധൻ | 2018 നവംബർ 21, ബുധൻ |

1446/18

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ഡയറക്ഷൻ പ്രകാരം 2018 ഡിസംബർ 7-ന് അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്. പ്രസ്തുത ദിവസം പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്.

നറുക്കെടുപ്പിൽ അർഹരാകുന്ന ആദ്യത്തെ മൂന്ന് അംഗങ്ങൾക്ക് ഓരോ പ്രമേയത്തിനു വീതം നോട്ടീസ് നൽകാവുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും നറുക്കെടുപ്പിൽ അർഹരാകുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| അനൗദ്യോഗിക പ്രമേയങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ പേര് ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി | നറുക്ക് കിട്ടുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട തീയതി |
|---|---|---|---|
| 2018 ഡിസംബർ 7, വെള്ളി | 2018 നവംബർ 26, തിങ്കൾ | 2018 നവംബർ 29, വ്യാഴം | 2018 ഡിസംബർ 1, ശനി |

അനൗദ്യോഗിക ബില്ലുകളുടെ/പ്രമേയങ്ങളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികകളിൽ പറയുന്ന തീയതികളിൽ വൈകുന്നേരം 4.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

*വി. കെ. ബാബുപ്രകാശ്,*
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

## BULLETIN-PART II

2018, November 12

**No.542**

Time Schedule of Ballot to determine priority of Members giving notice for moving motions for leave to introduce Private Members' Bills and for introducing Private Members' Resolutions.

Members are hereby informed that the days allotted for transacting Private Members' Business are 30th November 2018 and 7th December 2018 as per the calendar of sittings of the Thirteenth Session of the Fourteenth Kerala Legislative Assembly. The Private Members' Business will come up in such a manner that the business relating to Private Members' Bills and that relating to Private Members' Resolutions shall be taken up for discussion on alternate Fridays commencing with the business relating to Private Members' Bills as per Direction No. 15 of the Hon'ble Speaker dated May 10, 1993. As such, the Business relating to Private Members' Bills will come up on 30th November 2018. The relative precedence of Members' entitled to move Bills on the allotted day will be determined by ballot. The last date for giving notice for Bills (with copy of Bills) and the date of ballot is as shown in the table given below.

| Date of discussion of Private Members' Bills | Last date for giving notice for Bills to be included in the Ballot | Date of Ballot |
|---|---|---|
| 2018 November 30, Friday | 2018 November 14, Wednesday | 2018 November 21, Wednesday |

As per the Direction mentioned in pre-para the business relating to Private Members' Resolutions will come up only on 7th December 2018. The relative precedence of Members entitled to move resolutions on the allotted day will be determined by ballot.

The Members who secure the first three places in the ballot for resolutions may give notice for one resolution each.

The last day on which notice is to be given for including the names of Members in the ballot, the date before which a Member who wins in the ballot has to give notice for the resolutions are as shown in the table given below.

| Date of discussion of Private Members' Resolutions | Last date for giving notice for including names in the Ballot | Date of Ballot | Date before which notice of resolution has to be given by Members getting priority in the Ballot |
|---|---|---|---|
| 2018 December 7, Friday | 2018 November 26, Monday | 2018 November 29 Thursday | 2018 December 1, Saturday |

The ballot to determine the relative precedence of Private Members' Bills and Resolutions will be held in the Office of the Deputy Secretary, Legislation (Room No. 408, Assembly Building) at 4.00 pm on the dates mentioned in the above tables.

V.K.Babu Prakash,
Secretary.